# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ - ഇകെഎം - ബി.പി- 333/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 24/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), എറണാകുളം
3. ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ - ഇകെഎം - ബി.പി- 333/2023 തീയ്യതി: 24/04/2023

## എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മിനിമോൾ.കെ.ജി | ജോയിന്റ് ഡയറക്ടർ | 10-03-2023 | 16-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-03-2023 | 16-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ടി.വി പ്രദീഷ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ,ശങ്കരൻകുട്ടി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അഗസ്റ്റിൻ | എസ്.സി.ഡി,ഒ | 01-04-2021 | 31-05-2021 |
| ശ്രീ.ബോബി മാത്യൂസ് | എസ്.സി.ഡി,ഒ | 01-06-2021 | 14-02-2022 |
| ശ്രീ.സുരേഷ് കുമാർ | എസ്.സി.ഡി,ഒ | 15-02-2022 | 31-03-2022 |
| ശ്രീമതി.ഗായത്രി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-05-2022 |
| ശ്രീമതി സായാഹ്ന | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-06-2021 | 06-07-2021 |
| ശ്രീമതി.ശിവപ്രിയ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 07-07-2021 | 01-11-2021 |
| ശ്രീമതി സൂസൻ പോൾ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 02-11-2021 | 31-03-2022 |
| ശ്രീ.രാജേന്ദ്രപ്രസാദ് | എ.ഡി.എ | 01-04-2021 | 31-03-2022 |
| ശ്രീ.സജീവ് കുമാർ | ഡി. ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ.ശിവപ്രസാദ് | എ.എക്സ്. ഇ | 01-04-2021 | 08-10-2021 |
| ശ്രീ.ജോർജ് ജോസഫ് | എ.എക്സ്. ഇ | 09-10-2021 | 31-03-2022 |
| ശ്രീമതി.രാജി .സി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.എലിസബത്ത്. പി.ടി | മെഡിക്കൽ ഓഫീസർ, ചെങ്ങമനാട് | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | അക്കൗണ്ട്സിലെ അപാകതകൾ -വാർഷിക ധനകാര്യപ്പത്രിക ബ്ലോക്ക് പഞ്ചായത്തിന്റെ ധനസ്ഥിതിയെ ശരിയായി പ്രതിഫലിപ്പിക്കുന്നില്ല | 1-10 |
| 12 | കെട്ടിടങ്ങളുടെ വാടക - അപാകതകൾ | 1-11 |
| 13 | സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലേക്ക് ലാപ്ടോപ്പുകൾ - ലഭ്യമായില്ല. | 1-12 |
| 14 | ആശുപത്രികളിലേക്ക് മരുന്ന് ലഭ്യമായില്ല. | 1-13 |
| 15 | തുമ്പൂർമൂഴി മോഡൽ എയറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നില്ല- ചെലവ് തുക 8,62,391/-തടസ്സപ്പെടുത്തുന്നു | 1-14 |
| 16 | മരാമത്ത് പ്രവൃത്തികളിൽ നിന്നുള്ള റിക്കവറീസ് അടവാക്കേണ്ടതാണ്. | 1-15 |
| 17 | പദ്ധതി ഫണ്ട് വിനിയോഗിച്ച് സൃഷ്ടിച്ച ആസ്തികൾ ഉപയോഗിക്കപ്പെടുന്നില്ല | 1-16 |
| 18 | സ്കൂളുകളിലേക്ക് വെൻഡിംഗ് മെഷീൻ - വാങ്ങലിൽ നടപടിക്രമങ്ങൾ പാലിച്ചില്ല | 1-17 |
| 19 | പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-18 |
| 20 | പി.എം.എ.വൈ പദ്ധതി - ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-19 |
| 21 | പാലിയേറ്റീവ് കെയർ പദ്ധതി -വിനിയോഗവിവരം ലഭ്യമാക്കണം | 1-20 |
| 22 | സാക്ഷരതാപ്രേരകിന്റെ ഹോണറേറിയം - മുൻകൂർ ക്രമീകരിക്കണം | 1-21 |
| 23 | പഠനമുറി നിർമ്മാണം - അപാകതകൾ | 1-22 |
| 24 | തോട് - ചിറ- കുളം സംരക്ഷണപ്രവൃത്തികൾ- ആവർത്തനച്ചെലവുകൾ ഒഴിവാക്കാവുന്നതാണ്. | 1-23 |
| 25 | അസറ്റ് മാനേജ്മെന്റ് പ്ലാൻ നടപ്പിലാക്കേണ്ടതാണ് | 1-24 |
| 26 | ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ - മെയിന്റനൻസ് ചെലവുകൾ -നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-25 |

| | | |
|---|---|---|
| 27 | ഐ.ടി ഹബ്ബ് -പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല | 1-26 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റിന് ഭരണസമിതിയുടെ 04.03.2021 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകാരം നൽകുകയുണ്ടായി.

| | ബജറ്റ് പ്രകാരം | ധനകാര്യ പത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| മുൻബാക്കി | 76,64,070 | 78,09,451 | 1,45,381 |
| വരവ് | 24,96,55,577 | 6,39,76,432 | (-)18,56,79,145 |
| ആകെ | 25,73,19,647 | 7,17,85,883 | (-)18,55,33,764 |
| ചെലവ് | 25,20,95,933 | 6,81,35,650 | (-)18,39,60,283 |
| നീക്കിയിരുപ്പ് | 52,23,714 | 36,50,233 | (-) 15,73,481 |

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ വരവ്-ചെലവും ഗണ്യമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ വരവും തമ്മിൽ 18,56,79,145/- രൂപയുടേയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ ചെലവും തമ്മിൽ 18,39,60,283/- രൂപയുടേയും വ്യത്യാസമുണ്ട്.

വരവ് ചെലവുകളുടെ കൃത്യമായ വിശകലനത്തിലൂടെ യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.7.2021 | 31.05.2021 |

### 1-2-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്). തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-) 41,59,218/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -25,06,395/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല. അപാകത പരിഹരിക്കുന്നതിന് ഐ കെ എംമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

3. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അദർ അഡ്വാൻസ് എന്ന ഹെഡിൽ നീക്കിയിരിപ്പായ 8,43.993/ രൂപയുടെ വിശദാംശങ്ങൾ (തൊഴിലുറപ്പ് പദ്ധതിയ്ക്ക് നൽകിയ അഡ്വാൻസ് തുകയിൽ തിരികെ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങളടക്കം) ലഭ്യമാക്കേണ്ടതാണ്. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തി അറിയിക്കേണ്ടതാണ്.

4. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തി അറിയിക്കേണ്ടതാണ്.
5.ബി-4 പ്രകാരമുള്ള ഫണ്ടുകളിൽ മുൻവർഷങ്ങളിൽ ലഭിച്ച ചെലവഴിക്കാതെ ശേഷിക്കുന്ന തുകകൾ അതത് ഫണ്ടുകളിലേക്ക് തിരിച്ചടയ്ക്കുന്നില്ല. കൃത്യത പരിശോധിച്ച് തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

6. ആസ്തി രജിസ്റ്റർ കാലികമാക്കി വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തി അറിയിക്കേണ്ടതാണ്.

7. ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകുന്ന തുകകൾ വാർഷികധനകാര്യപത്രികയിൽ രേഖപ്പെടുത്തുന്നില്ല . മുൻവർഷത്തിലേത് ഉൾപ്പെടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തി അറിയിക്കേണ്ടതുമാണ്.
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 13.03.2023 ലെ ഓഡിറ്റ് എൻക്വയറി നം.2, 14.03.2023 ലെ ഓഡിറ്റ് എൻക്വയറി നം.4 എന്നിവയ്ക്ക് മറുപടി നൽകിയില്ല. ഓഡിറ്റ് നിർദേശങ്ങൾ പാലിച്ച് വാർഷികധനകാര്യപ്പത്രികയിലെ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7,809,451.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,39,76,432.00 |

| | |
|---|---|
| ആകെ | 7,17,85,883.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,81,35,650.00 |
| നീക്കിയിരിപ്പ് | 3,650,233.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16480457 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 20455000 | 20455000 | 20454992 | | 8 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 15556114 | 15556114 | 13656000 | | 1900114 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6784368 | 6784368 | 6784368 | 0 | 0 |
| കേന്ദ്ര ധനകാര്യക്കമ്മീഷൻ വിഹിതം - Untide Basic Grant | 0 | 508191 | 508191 | 508191 | | 0 |
| | 0 | 3809000 | 3809000 | 3809000 | 0 | |
| കേന്ദ്ര ധനകാര്യക്കമ്മീഷൻ വിഹിതം Tide Performance Grant | 0 | 1441162 | 1441162 | 1441162 | | 0 |
| | 0 | 5713000 | 5713000 | 5029933 | 690006 | |
| കേന്ദ്രാവിഷ്കൃതഫണ്ട് - | | | | | | |
| 320 100 110 Indira Awas Yojana (General) | 381885 | 0 | 381885 | 0 | 381885 | |
| 320 100 115 Total Sanitation Campaign | 410319 | 0 | 410319 | 0 | 410319 | |
| 320 100 1118 Integrated Water Shed Program (IWMP) | 4919171 | 0 | 4919171 | 0 | 4919171 | |
| സംസ്ഥാനാവിഷ്കൃതഫണ്ട് - | | | | | | |
| 320 200 321 NABARD | 134493 | 0 | 134493 | 0 | 134493 | |
| 320 900 101 Nirmal Puraskar | 316639 | 0 | 316639 | 0 | 316639 | |
| 320 700 208 ജോയിന്റ് വെൻച്വർ- ഗ്രാമ പഞ്ചായത്ത് | 56000 | 0 | 56000 | 0 | 56000 | |

2021-2022വർഷത്തെ ബാലൻസ് ഷീറ്റിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ( 312 100 101 ) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 01.04.2021-ൽ മുന്നിരുപ്പായി കാണിച്ചിരിക്കുന്നത് 41299859/- രൂപയാണ്. ഇതേ ഹെഡ് ഓഫ് അക്കൗണ്ടിൽ 31.03.2022-ൽ നീക്കിയിരുപ്പ് കാണിച്ചിരിക്കുന്നത് 48064369/--രൂപയാണ്. ഈ ഹെഡ് ഓഫ് അക്കൗണ്ടിലെ മുന്നിരിപ്പും, നീക്കിയിരിപ്പും തമ്മിൽ 6764510/- വ്യത്യാസമുണ്ട്. അതായത് 6764510/- രൂപയാണ് ക്യാപിറ്റൽ എക്സ്പെൻഡിച്ചർ ആയി ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുള്ളത്.

മേൽപ്പറഞ്ഞ പ്രകാരമുള്ള കണക്കുകളുടെ വിശദാംശം താഴെക്കൊടുക്കുന്നു .

| ഫണ്ടിനം | As Per RP-7 | കൂട്ടുക- ജി.ഒ പ്രൊജക്ടുകൾക്ക വേണ്ടി നീക്കിവെച്ച തുക | ആകെ | കുറയ്ക്കുക-ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയ തുക | As Per I-6 |
|---|---|---|---|---|---|
| Dev.Fund -General | 20454992 | 0 | 20454992 | 7,03,990/- | 19751002 |
| Central Finance Commission | 0 | 0 | 0 | 22,47,813/- | 0 |

| | | | | | |
|---|---|---|---|---|---|
| Grant(Untied) | | | | | |
| Maintanence Grant (Non Road) | 6784368 | 0 | 6784368 | 38,12,707/- | 2971661 |
| ആകെ | | 0 | | 67,64,510 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 97 | 81526312 | 82 | 52841718 | 0 | 15 | 85% |

## 1-6 തൊഴിലുറപ്പ് പദ്ധതി

----

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.08.2021 മുതൽ 07.09.2021 വരെ | 2020-21 | 03.12.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.07.2015 മുതൽ 16.07.2015 വരെ | 01.07.13 മുതൽ 30.06.15 വരെ | 13.08.2015 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.03.2023 ന് 3.30 പി എം ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ടി ദിവസം പണമിടപാടുകൾ നടന്നിട്ടില്ലായെന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. വാർഷികകണക്ക് കൃത്യമായി തയ്യാറാക്കിയിട്ടില്ല.
2. ഓഡിറ്റ് വർഷത്തെ ചെലവ് രേഖകൾ പൂർണ്ണമായും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
3. വാടക രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. തന്മൂലം വാടകയുടെ ഡിമാന്റ്,കളക്ഷൻ, കുടിശ്ശിക വിവരങ്ങൾ കൃത്യമായി കണക്കാക്കുവാൻ സാധിക്കുന്നില്ല.
4. വാങ്ങൽ നടപടികളിൽ സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ല.
5. പദ്ധതി ഫണ്ട് ചെലവഴിക്കുക എന്നതിനാണ് പ്രാമുഖ്യം നൽകികാണുന്നത്. പദ്ധതികളുടെ ആവശ്യകതയോ പ്രായോഗികക്ഷമതയോ പരിഗണിക്കപ്പെടുന്നില്ല. കൃത്യമായ ഉദ്ദേശലക്ഷ്യങ്ങളില്ലാതെ പർച്ചേസ് നടത്തുകയും വാങ്ങിയ ആസ്തികൾ ഉപയോഗിക്കാതെ പാഴാകുകയും ചെയ്യുന്നു.
6. കൃത്യമായ അസറ്റ്മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് ഓഫീസ് കെട്ടിടത്തോടനുബന്ധിച്ച് തന്നെ ഓഡിറ്റ് വർഷവും മുൻവർഷങ്ങളിലും നിർമ്മിക്കപ്പെട്ട പല ആസ്തികളും (മാലിന്യ സംസ്കരണയൂണിറ്റ്, ഐ.ടി.ഹബ്ബ്, ടോയ്ലെറ്റ് കോംപ്ലക്സ് തുടങ്ങിയവ) ഉപയോഗിക്കപ്പെടാതെ നിഷ്ക്രിയആസ്തിയായി നിലനിൽക്കുന്നു.
7. ഓഡിറ്റിന്റെ ഭാഗമായി നൽകിയ എൻക്വയറികൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മറുപടി ലഭ്യമാക്കിയില്ല. 17 ഓഡിറ്റ് എൻക്വയറികൾ നല്കിയെങ്കിലും ഒരെണ്ണത്തിന് മാത്രമാണ് മറുപടി ലഭ്യമാക്കിയത്
8. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളിന്മേൽ തുടർനടപടികളൊന്നും സ്ഥാപനം സ്വീകരിച്ചുകാണുന്നില്ല.

ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കി സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 അക്കൗണ്ട്സിലെ അപാകതകൾ -വാർഷിക ധനകാര്യപ്പത്രിക ബ്ലോക്ക് പഞ്ചായത്തിന്റെ ധനസ്ഥിതിയെ ശരിയായി പ്രതിഫലിപ്പിക്കുന്നില്ല

1. Central Finannce Commission Grant -Tied And Untied Grants

2021-22 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തിന് ധനകാര്യക്കമ്മീഷൻ വിഹിതമായി അനുവദിച്ച Tied ( Performance Grant) ഇനത്തിലും, Untied ( Basic Grant) ഇനത്തിലും വരവ് -ചെലവ് കണക്ക് താഴെപ്പറയുന്ന പ്രകാരമാണ്.

| | വരവ് | | ചെലവ് | | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| | As Per ACR (Allotment In Treasury) | As Per AFS (RP-31) In Bank A/c | (RP-7 ) As Per Bills Submitted InTreasury | From Bank A/c | As Per ACR |
| Tied ( Performance Grant) | 1441162 | - | 1434223 | | 6939 |
| Untied ( Basic Grant) | 508191 | - | 508191 | | 0 |
| Tied (Performance Grant) | - | 5713000 | | 5029933 | 683067 |
| Untied (Basic Grant) | - | 3809000 | | 3809000 | 0 |
| ആകെ | 1949353 | 9522000 | 1942414 | 8838933 | 690006 |

മുൻവർഷത്തെ സ്പിൽ ഓവർ ചെലവുകൾക്കായി 2021-22 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തിന് ധനകാര്യക്കമ്മീഷൻ വിഹിതമായി അനുവദിച്ച Untied ( Basic Grant), Tied (Perfrmance Grant ) ഇനങ്ങളിൽ മുഴുവൻ തുകയും ചെലവായിട്ടുണ്ട്.

എന്നാൽ 21-22 സാമ്പത്തികവർഷത്തിൽ ലഭിച്ച Untied ( Basic Grant), Tied (Perfrmance Grant ) ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്ന് തൻവർഷ ചെലവ് കിഴിച്ച് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 31.03.2022 ൽ ചെലവാക്കാതെ അവശേഷിക്കുന്നത് 6,90,007/- രൂപയാണ്.

തൻവർഷം ബാങ്കിൽ ലഭിച്ച ധനകാര്യക്കമ്മീഷൻ ഗ്രാന്റിനൊപ്പം പലിശ തുകയായ 57,945/- രൂപ കൂടി കൂട്ടുമ്പോൾ ബാങ്കിൽ ആകെ ക്രഡിറ്റ് ചെയ്ത തുക 95,79,945/- രൂപയാണ്. തൻവർഷം ചെലവ് തുകയായ 88,38,933/- രൂപ കിഴിക്കുമ്പോൾ നീക്കിയിരുപ്പ് തുകയായി വരുന്നത് 7,41,012/- രൂപയാണ്. എന്നാൽ ധനകാര്യക്കമ്മീഷൻ ഗ്രാന്റിന്റെ ബാങ്ക് അക്കൗണ്ടിൽ 31.03.2022 ലെ നീക്കിയിരുപ്പ് 10,47,727/- രൂപയാണ്. ഇത് തമ്മിലുള്ള വ്യത്യാസം 3,06,715/- രൂപയാണ്.

അതേപോലെ 31.03.2022 ലെ ബാലൻസ് ഷീറ്റിൽ B-4 ഷെഡ്യൂളിൽ 320 200 104 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുകയായി കാണിച്ചിരിക്കുന്നത് 73, 32, 132/- രൂപയാണ്. ബാങ്ക് അക്കൗണ്ടിൽ നീക്കിയിരുപ്പ് 10,47,727/- രൂപയാണ്. ഈ നീക്കിയിരുപ്പ് തുകകൾ തമ്മിൽ 62,75,405/- രൂപയുടെ വ്യത്യാസമുണ്ട്.

B-4 ഷെഡ്യൂളിലെ നീക്കിയിരുപ്പ് പ്രകാരം തൻവർഷം ആകെ ചെലവ് വന്നത് 22,47,813/- രൂപ മാത്രമാണ്. എന്നാൽ ACR പ്രകാരവും, ബാങ്ക് ബുക്ക് പ്രകാരവും ഈ അക്കൗണ്ടിൽ നിന്ന് 88,38,933/- രൂപ ചെലവുണ്ട്. അതായത് ആകെ ഈ അക്കൗണ്ടിൽ നിന്നുള്ള ചെലവിൽ 65,91,120/- രൂപയുടെ വ്യത്യാസം ഉണ്ട്.

2) Integrated Watershed Management Program ( IWMP)

Integrated Watershed Management Program ( IWMP) എന്ന പദ്ധതിക്കുവേണ്ടി ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച തുകState Bank Of India A/c No. 33335854856 എന്ന അക്കൗണ്ടിലാണ് നിക്ഷേപിച്ചിരുന്നത്. 01.04.2021 ൽ ഈ അക്കൗണ്ടിൽ 49,19,171/- രൂപ മുന്നിരിപ്പ് ഉണ്ടായിരുന്നു. തൻവർഷം ചെലവ് കിഴിച്ച് ബാക്കിയുണ്ടായിരുന്ന തുക 6,91,009/-രൂപ 11/11/2021-ൽ SNA (State Nodal Account) അക്കൗണ്ടിലേക്ക് തിരിച്ചടച്ചതായി കാണുന്നു. ഇത് പ്രകാരം 31.03.2022 -ൽ ഈ അക്കൌണ്ടിൽ ബാലൻസ് തുക Nil ആണ്.

എന്നാൽ 31.03.2022 ലെ ബാലൻസ് ഷീറ്റിൽ B-4 ഷെഡ്യൂളിൽ 320 100 118 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് 49,19,171/- രൂപയാണ്.

പ്രൊജക്റ്റ് അവസാനിപ്പിച്ച് ബാലൻസ് തുക തിരിച്ചടച്ചിട്ടും ബാലൻസ് ഷീറ്റിൽ 49,19,171/- രൂപ ഇനിയും ചെലവഴിക്കാൻ ബാക്കിയുണ്ടെന്നാണ് അക്കൗണ്ട്സ് പ്രകാരം കാണുന്നത്. മേൽപ്പറഞ്ഞ വ്യത്യസത്തിന് കാരണമെന്തെന്നും വിശദീകരിക്കേണ്ടതാണ്.

ധനകാര്യക്കമ്മീഷൻ ഗ്രാന്റിന്റെ ചെലവിലും, നീക്കിയിരുപ്പിലും മേൽപ്പറഞ്ഞ പ്രകാരമുള്ള വ്യത്യാസത്തിനും, ( IWMP) എന്ന പദ്ധതിയുടെ നീക്കിയിരുപ്പ് തുകയുടെ വ്യത്യാസത്തിനും കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ എൻക്വയറി നം. 04/21-22 തീ. 14.03.2023 -ന് ബ്ലോക്ക് പഞ്ചായത്ത് മറുപടി നല്കിയിട്ടില്ല.

മേൽപ്പറഞ്ഞ വ്യത്യാസം വാർഷികധനകാര്യപ്പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ, ബാലൻസ് ഷീറ്റ് എന്നിവയെ ബാധിക്കുന്നതാണ്. തെറ്റായ രീതിയിൽ അക്കൗണ്ടിംഗ് നടത്തിയതുമൂലം വാർഷികധനകാര്യപ്പത്രിക ബ്ലോക്ക് പഞ്ചായത്തിന്റെ ധനസ്ഥിതിയെ ശരിയായ രീതിയിൽ പ്രതിഫലിപ്പിക്കുന്നില്ല. ഗൗരവമായ ഈ അപാകതകൾ അടിയന്തിരമായി പരിഹരിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകേണ്ടതാണ്.

## 1-11 കെട്ടിടങ്ങളുടെ വാടക - അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിലെ കെട്ടിട വാടകയുടെ ഡിമാന്റ് രജിസ്റ്റർ, അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) ശ്രീമൂലനഗരം ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിൽ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള വനിതാ ഉൽപ്പന്ന വിപണന കേന്ദ്രം കരാർ പ്രകാരം 2021 ജനവരി 1 മുതൽ 11 മാസക്കാലയളവിലേക്ക് കുടുംബശ്രീ ബ്രദേഴ്സ് അച്ചാർ യൂണിറ്റിന് പ്രതിമാസം 1100+GST(18%) രൂപ നിരക്കിൽ വാടകയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന മാസങ്ങളിലെ വാടക ഈടാക്കിയതായി കാണുന്നില്ല. ആയതിന് വിശദീകരണം നൽകേണ്ടതും കുടിശ്ശിക തുക ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| ക്രമ നം | മാസം | പ്രതിമാസ വാടക | ജി.എസ്.ടി | ആകെ |
|---|---|---|---|---|
| 1 | 2021 ജൂൺ | 1100 | 198 | 1298 |
| 2 | 2021 ജൂലൈ | 1100 | 198 | 1298 |
| 3 | 2021 ആഗസ്റ്റ് | 1100 | 198 | 1298 |
| 4 | 2021 സെപ്റ്റംബർ | 1100 | 198 | 1298 |
| 5 | 2021 ഒക്ടോബർ | 1100 | 198 | 1298 |
| 6 | 2021 നവംബർ | 1100 | 198 | 1298 |
| | | ആകെ | | 7788 |

2) കരാറിലെ 2-ാം നമ്പർ വ്യവസ്ഥ പ്രകാരം എഗ്രിമെന്റ് കാലാവധി തീരുന്നതിനു ഒരു മാസം മുൻപ് ടി യൂണിറ്റ് തുടർന്ന് നടത്തികൊണ്ടുപോകുന്നതിന് പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ ലഭിക്കാത്ത പക്ഷം തുടർന്ന് നടത്തുന്നില്ലെന്ന് അനുമാനിക്കുന്നതും മറ്റ് ഏതെങ്കിലും താൽപര്യമുള്ള വനിത സംഘങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. എന്നാൽ മേൽ വ്യവസ്ഥക്ക് വിരുദ്ധമായി 2022 ഫെബ്രുവരി 21 മുതലാണ് അതേ സ്ഥാപനവുമായി പുതിയ കരാറിൽ എർപ്പെട്ടിരിക്കുന്നത്. 2021 ഡിസംബർ, 2022 ജനവരി മാസങ്ങളിൽ മേൽ സ്ഥാപനം കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും പ്രസ്തുത മാസങ്ങളിലെ വാടക ഈടാക്കിയതായി കാണുന്നില്ല. കരാർ പുതുക്കുന്നതിന് കാലതാമസം നേരിട്ടതിന് വിശദീകരണം നൽകേണ്ടതും 2021 ഡിസംബർ, 2022 ജനവരി മാസങ്ങളിലെ വാടക ഈടാക്കി ആയതിന്റെ രേഖകളും ഹാജരാക്കേണ്ടതാണ്.

3)വാടക രജിസ്റ്ററിൽ ഓരോ സാമ്പത്തിക വർഷാവസാനവും എഴുതി സൂക്ഷിക്കേണ്ട സംക്ഷിപ്തം(Arrear, Demand, Collection, Balance)എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വാടകയിനത്തിലെ (തൻവർഷം, കുടിശ്ശിക) ഡിമാന്റ് , കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത രജിസ്റ്ററുമായി ഒത്തുനോക്കി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/16.03.2023)മറുപടി നൽകിയില്ല.

## 1-12 സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലേക്ക് ലാപ്ടോപ്പുകൾ - ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | 65/2022, ചെങ്ങമനാട് സി.എച്ച്.സി, പുത്തൻവേലിക്കര താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 263000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 263000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം)<br>21110963018101117001/14-2-2022 = 167440/-<br>21110963018100558985/25-10-2021 = 54458/-<br>21110963018101401166/21-3-2022 = 39208 /-<br>21110963018101439008/24-3-2022 = 1894/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ചെങ്ങമനാട് |

ചെങ്ങമനാട് സാമൂഹ്യ അരോഗ്യ കേന്ദ്രത്തിലേക്ക് രണ്ട് ലാപ് ടോപ്പുകൾ (Laptop - Medium And Ubuntu) വിതരണം ചെയ്യുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി മിഷന് 28-10-2021 ന് 54458 രൂപ (T.R.N- 211109000000010914) നൽകിയിട്ടുണ്ട്. എന്നാൽ ലാപ്ടോപ്പുകൾ ലഭ്യമായതിന്റെ രേഖകൾ ലഭ്യമായില്ല. ആയത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 1/11-3-2023) ടി ലാപ്ടോപ്പുകൾ നിലവിലും ലഭ്യമായിട്ടില്ല എന്ന് മറുപടി ലഭ്യമായി. കേരള സ്റ്റേറ്റ് ഐ.ടി മിഷനുമായി ബന്ധപ്പെട്ട് ടി ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാക്കുന്ന മുറക്ക് വിവരം രേഖകൾ

സഹിതം അറിയിക്കേണ്ടതുമാണ്. ലാപ്ടോപ്പുകൾ ലഭ്യമാകുന്നത് വരെ ചെലവ് തുകയായ 54458/- രൂപ തടസ്സപ്പെടുത്തുന്നു.

1-13 ആശുപത്രികളിലേക്ക് മരുന്ന് ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ചെങ്ങമനാട് നിർവ്വഹണം നടത്തിയ പദ്ധതികൾ പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് ലിമിറ്റഡിന് കോർപറേഷൻ പണം നൽകിയെങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 55/22, സെക്കന്ററി പാലിയേറ്റീവ് കെയർ |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ചെങ്ങമനാട് |
| അടങ്കൽ | 10,00,000 (പൊതുവിഭാഗം സാധാരണവിഹിതം) |
| ചെലവ് | 10,02,000 (പൊതുവിഭാഗം സാധാരണവിഹിതം) |

പദ്ധതി പ്രകാരം സെക്കന്ററി പാലിയേറ്റീവ് കെയറിലേക്ക് മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡിന് ചുവടെ ചേർക്കു പ്രകാരം തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായില്ല. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം അടങ്കലിനേക്കാൾ 2000 രൂപ കൂടുതൽ ചെലവഴിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | നൽകിയ തുക | ട്രഷറി റഫറൻസ് നമ്പർ/തീയതി | പ്രൊഫോർമ ഇൻവോയ്സ് നമ്പർ | ലഭിച്ച മരുന്ന് | ഇൻവോയ്സ് നമ്പർ | ലഭിക്കാനുള്ളത് |
|---|---|---|---|---|---|---|
| 1 | 14144/- | 211109000000020801/ 27-3-2022 | PRF6900 | 10116/- | 1) 5874/ 8-7-2022 = 1573/-<br>2) 14688/ 22-10-2022 = 615/-<br>3) 1793/ 21-11-2022 = 18400/- | 4028/- |
| 2 | 165707/- | 21119000000013927/ 23-12-2021 | PRF3516 | 162991/- | 1) 5898/ 9-7-2022 = 1793/-<br>2) 14779/ 8-3-2022 = 129859/-<br>3) 19044/ 28-11-2022 = 28221<br>4) 18296/ 23-11-2022 = 3118/- | 2716/- |
| 3 | 126552/- | 211109000000017527/ 18-2-2022 | PRF4870 | 66733/- | 1) 3596/ 4-6-2022 = 33767/-<br>2) 5875/ 8-7-2022 = 32966/- | 59819/- |
| 4 | 80723/- | 211109000000017529/ 18-2-2022 | PRF5526 | 37811/- | 1) 2924/ 25-5-2022 = 37811/- | 42912/- |
| ആകെ | 387126/- | | | 277651/- | | 109475/- |

2)

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 62, ചെങ്ങമനാട് സി.എച്ച്.സി യിലേക്കാവശ്യമായ മരുന്ന് വാങ്ങൽ |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ചെങ്ങമനാട് |
| അടങ്കൽ | 4,00,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |

| | |
|---|---|
| ചെലവ് | 4,00,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |

പദ്ധതി പ്രകാരം ചെങ്ങമനാട് സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡിന് ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായില്ല.

| ക്രമ നമ്പർ | നൽകിയ തുക | ട്രഷറി റഫറൻസ് നമ്പർ/തീയതി | പ്രൊഫോർമ ഇൻവോയ്സ് നമ്പർ | ലഭിച്ച മരുന്ന് | ഇൻവോയ്സ് നമ്പർ | ലഭിക്കാനുള്ളത് |
|---|---|---|---|---|---|---|
| 1 | 131282/- | 211109000000011941/ 15-11-2021 | PRF2755/ 18-10-2021 | 42503/- | 1) 6597/ 23-7-2022 = 12969/- 2) 14799/ 25-10-2022 = 6190/- 3) 23135/ 16-1-2023 = 23344/- | 88779/- |
| 2 | 200000/- | 211109000000010516/ 21-10-2021 | PRF1876/ 1-9-2021 | 3999/- | 21585/ 29-12-2022 = 3999/- | 196001/- |
| ആകെ | 331282/- | | | 46502/- | | 284780/- |

3)

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 63, പുത്തൻവേലിക്കര താലൂക്കാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ചെങ്ങമനാട് |
| അടങ്കൽ | 2,00,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 2,00,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |

പദ്ധതി പ്രകാരം പുത്തൻവേലിക്കര താലൂക്കാശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിന് പണം നൽകിയെങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായില്ല.

| ക്രമ നമ്പർ | നൽകിയ തുക | ട്രഷറി റഫറൻസ് നമ്പർ/തീയതി | പ്രൊഫോർമ ഇൻവോ യ്സ് നമ്പർ | ലഭിച്ച മരുന്ന് | ഇൻവോയ്സ് നമ്പർ | ലഭിക്കാനുള്ളത് |
|---|---|---|---|---|---|---|
| 1 | 93593/- | 211109000000017521/ 18-2-2022 | PRF4837/ 15-1-2022 | 87863/- | 1) 7866/ 5-8-2022 = 20286/- 2) 5877/8-7-2022 = 30772 3) 16292/ 7-11-2022 = 7490 4) 23071/ 13-1-2023 = 17649/- 5) 22785/ 11-1-2023 = 11666/- | 5730/- |
| 2 | 96407/- | 211109000000010514/ 21-10-2021 | PRF1874/ 1-9-2021 | 0 | - | 96407/- |
| ആകെ | 190000/- | | | 87863/- | | 102137/- |

4)

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 70, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ മരുന്നും മറ്റ് സാധന സാമഗ്രികളും വാങ്ങൽ |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ചെങ്ങമനാട് |
| അടങ്കൽ | 8,00,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 7,47,199 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |

പദ്ധതി പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ മരുന്നും മറ്റ് സാധന സാമഗ്രികളും വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിന് പണം നൽകിയെങ്കിലും

മരുന്ന് പൂർണ്ണമായി ലഭ്യമായതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായില്ല.

| നൽകിയ തുക | ട്രഷറി റഫറൻസ് നമ്പർ/തീയതി | പ്രൊഫോർമ ഇൻവോയ്സ് നമ്പർ | ലഭിച്ച മരുന്ന് | ഇൻവോയ്സ് നമ്പർ | ലഭിക്കാനുള്ളത് |
|---|---|---|---|---|---|
| 1,99,999 | 211109000000019955/ 19-3-2022 | PRF6633 | 189064/- | 1) 6297/19-7-2022 = 32224/-<br>2) 5869/8-7-2022 = 89378/-<br>3) 19831/13-12-2022 = 67462/- | 10935/- |

മേൽ ചേർത്ത പ്രകാരം അവശേഷിക്കുന്ന 507327/- രൂപയുള്ള (109475 + 284780 + 102137 + 10935) മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നമ്പർ - 3/13-3-2023, നമ്പർ - 5/14-3-2023) നിലവിലും ഇവ ലഭ്യമായില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ടി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ലഭ്യമാകുന്ന മുറക്ക് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുക്കുന്നത് വരെ 507327/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-14 തുമ്പൂർമൂഴി മോഡൽ എയറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നില്ല- ചെലവ് തുക 8,62,391/-തടസ്സപ്പെടുത്തുന്നു

കേരളത്തിൽ പ്രചാരമാർജ്ജിച്ചുകൊണ്ടിരിക്കുന്ന മാലിന്യ സംസ്കരണരീതിയാണ് തുമ്പൂർമൂഴി മാലിന്യസംസ്കരണ മാതൃക. വായുനിർഗ്ഗമനത്തിന്റെയും, സൂക്ഷ്മജീവികളുടെയും സഹായത്തോടെ ബയോഡിഗ്രേഡബിൾ മാലിന്യം ദ്രവിപ്പിച്ച് വളമാക്കുന്നതിനുള്ള കമ്പോസ്റ്റിംഗ് രീതിയാണ് തുമ്പൂർമൂഴി. അനുയോജ്യമായ സ്ഥലത്ത് വായു കടക്കാനുള്ള ചുറ്റമതിലോടെ 4 X4 X4 അടി വ്യാപ്തമുള്ള ഫെറോസിമന്റ് സ്ഥാപിച്ച് പുറം അരികുകൾ നെറ്റ് വെച്ച് മറച്ച് ഈ ടാങ്കിൽ അടുക്കുകളായി ജൈവവസ്തുക്കൾ നിക്ഷേപിച്ചാൽ 40-90 ദിവസത്തിനകം വളമായി മാറുന്നു. പരിസ്ഥിതി സൗഹൃദ പദ്ധതിയായ ഈ എയറോബിക് കമ്പോസ്റ്റിംഗ് പദ്ധതിയിൽ എല്ലാത്തരം ജൈവമാലിന്യങ്ങളും ഏറെ ഗുണകരമായ ജൈവവളമാക്കി മാറ്റാം എന്നുള്ളതിനാൽ നിരവധി തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ കീഴിൽ ഈ മാലിന്യ സംസ്കരണപദ്ധതി നടപ്പിലാക്കുന്നുണ്ട്.

പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 പദ്ധതിയിൽ 2 പ്രൊജക്ടുകളിലായി തുമ്പൂർമൂഴി മോഡൽ എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്.

A.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് , നമ്പർ | ബ്ലോക്ക്പഞ്ചായത്ത് കോമ്പൗണ്ടിൽ തുമ്പൂർമൂഴി മോഡൽ എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് S086/22 |
| അടങ്കൽ തുക | 3,00,000/- CFC+ 43,500/- Own Fund= 3,43,500/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| ചെലവ് വിശദാംശങ്ങൾ | 1) 1,70,052/- ( 172/21-22 തീയതി. 28/12/2021) |
| | 2) 77,418/- (345/21-22 തീയതി 24/03/2022) |
| കരാറുകാരൻ | ശ്രീ. എൻ.ഡി. ജോൺസൺ |

2021-2022 സാമ്പത്തികവർഷം ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയ "ബ്ലോക്ക്പഞ്ചായത്ത് കോമ്പൗണ്ടിൽ തുമ്പൂർമൂഴി മോഡൽ എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് " എന്ന പ്രൊജക്ടിൽ 2,47,470/- രൂപ ചെലവാക്കിയിട്ടുണ്ട്.

B.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് , നമ്പർ | പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിലെ വി.എഫ്.പി.സി.കെ. കോമ്പൗണ്ടിൽ തുമ്പൂർമൂഴി മോഡൽ എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് S079/22 |
| അടങ്കൽ തുക | 6,56,500/- CFC+ 43,500/- Own Fund= 7,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| ചെലവ് വിശദാംശങ്ങൾ | 6,14,921/- ( 368/21-22 തീയതി. 25/03/2022) |
| കരാറുകാരൻ | ശ്രീ. സിജു സി.ആർ. |

പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് 2021-22 സാമ്പത്തികവർഷത്തിൽ പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള വി.എഫ്.പി.സി.കെ കോമ്പൗണ്ടിൽ 2 തുമ്പൂർമൂഴി മോഡൽ

എയറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

ആദ്യ പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലാണ് തുമ്പൂർമൂഴി മോഡൽ എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചിരിക്കുന്നത്. ഇതിൽ ജൈവമാലിന്യങ്ങൾ നിക്ഷേപിക്കപ്പെടുകയോ, ശാസ്ത്രീയമായ രീതിയിൽ കമ്പോസ്റ്റ് ഉണ്ടാക്കുന്നതിനുള്ള സാധ്യത ഒട്ടും തന്നെ പ്രയോജനപ്പെടുത്തുകയോ ചെയ്യുന്നില്ല. പൊതുസ്ഥലത്ത് സ്ഥാപിച്ച് പൊതുജനങ്ങൾക്ക് പ്രയോജനകരമാക്കാവുന്ന ഈ കമ്പോസ്റ്റ് യൂണിറ്റ് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ കോമ്പൗണ്ടിൽ സ്ഥാപിച്ച്, ശരിയായ രീതിയിൽ ഉപയോഗിക്കപ്പെടാതെ പൊതുപ്പണം പാഴാക്കിക്കളയുന്നതിന് തുല്യമായ ഈ നടപടി പുന:പരിശോധിക്കപ്പെടേണ്ടതാണ്. ഈ കമ്പോസ്റ്റ് യൂണിറ്റ് പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതുവരെ ഇതിനായി ചെലവഴിച്ച 2,47,470/- തടസ്സപ്പെടുത്തുന്നു.

ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിലെ കരിയിലകൾ കൂട്ടിയിട്ടിരിക്കുന്ന കമ്പോസ്റ്റ് യൂണിറ്റ്-









2) രണ്ടാമത്തെ പ്രൊജക്റ്റിൽ പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള വി.എഫ്.പി.സി.കെ കോമ്പൗണ്ടിലാണ് 2 തുമ്പൂർമൂഴി മോഡൽ എയറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചിരിക്കുന്നത്.





ഓഡിറ്റ് വേളയിൽ സ്ഥലപരിശോധനയിൽ ഈ രണ്ട് യൂണിറ്റുകളും പ്രവർത്തിപ്പിക്കുന്നില്ല എന്ന് ബോധ്യപ്പെട്ടു. വി.എഫ്.പി.സി.കെ കൊമ്പൌണ്ടിൽ പ്രവർത്തിക്കുന്ന ആഴ്ചചന്തയിൽ ഉണ്ടാകാൻ സാധ്യതയുള്ള ജൈവമാലിന്യങ്ങൾ സംസ്കരിച്ചെടുക്കുക എന്നതാണ് ഈ പ്രൊജക്റ്റിന്റെ ഉദ്ദേശ്യം എന്നാണ് വ്യക്തമാക്കപ്പെട്ടത്. എന്നാൽ 6,14,921/- രൂപ ചെലവഴിച്ച് സ്ഥാപിച്ച ഈ 2 യൂണിറ്റുകളും നാളിതുവരെ പ്രവർത്തിപ്പിച്ചിട്ടില്ല.

VFPCK ( Vegetable And Fruit Promotion Council Keralam ) എന്നത് 1956 ലെ കമ്പനീസ് ആക്ട് സെക്ഷൻ 25 പ്രകാരം രജിസ്റ്റർ ചെയ്ത ഒരു കമ്പനിയാണ്. ഒരു ബ്ലോക്ക് പഞ്ചായത്ത് അതിന് ലഭിച്ച കേന്ദ്ര ധനകാര്യക്കമ്മീഷൻ ഗ്രാന്റ് തുകയിൽ നിന്ന് VFPCK യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 6,14,921/-രൂപ ചെലവഴിച്ച് എയറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ച് നല്കിയതിന്റെ സാഹചര്യം വ്യക്തമല്ല.ഈ രണ്ട് കമ്പോസ്റ്റ് യൂണിറ്റുകളും പൂർത്തീകരിച്ച് VFPCK-ക്ക് കൈമാറിയപ്പോൾ ബ്ലോക്ക് പഞ്ചായത്ത് VFPCK-യുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ എന്ന കാര്യവും ഫയലിൽ വ്യക്തമല്ല.

മേൽപ്പറഞ്ഞ രണ്ട് പ്രൊജക്ടുകളും സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുനല്കിയ ഓഡിറ്റ് എൻക്വയറി നം. 17/21-22 തീയതി. 16.03.2023-ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ ഒരു സ്ഥാപനമോ, മറ്റൊരു തദ്ദേശസ്വയംഭരണസ്ഥാപനമോ, അല്ലാത്ത VFPCK പോലുള്ള ഒരു സ്ഥാപനത്തിന്റെ സ്വകാര്യഭൂമിയിൽ സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ച് നല്കിയതും, ഇങ്ങനെ സ്ഥാപിച്ച കമ്പോസ്റ്റ് യൂണിറ്റുകൾ ഉപയോഗിക്കപ്പെടാതെ നിഷ്ക്രിയമായിക്കിടക്കുന്നതും പൊതുപണത്തിന്റെ ദുരുപയോഗമാണ്. ആയതിനാൽ വിശദീകരണം ലഭ്യമാകുന്നതുവരെ ചെലവ് തുക 6,14,921/-രൂപ

തടസ്സപ്പെടുത്തുന്നു.

മേൽപ്പറഞ്ഞ രണ്ട് പ്രൊജക്ടുകളുടെയും ഗുണഫലം സ്റ്റേക്ക് ഹോൾഡേഴ്സായ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ മൊത്തം പൊതുജനത്തിനും ലഭ്യമാകാതെ നിഷ്ക്രിയമായിക്കിടക്കുന്നത് സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി ഇടപെടേണ്ടതും, നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-15 മരാമത്ത് പ്രവൃത്തികളിൽ നിന്നുള്ള റിക്കവറീസ് അടവാക്കേണ്ടതാണ്.

2021-2022 സാമ്പത്തികവർഷം പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി വികസന ഫണ്ട് ധനകാര്യക്കമ്മീഷൻ (അടിസ്ഥാന വിഹിതം) വകയിരുത്തി നടപ്പാക്കിയ പദ്ധതികളുടെ ചെലവ് തുക ഇ-ഗ്രാംസ്വരാജ് പി.എഫ്. എം.എസ് ഇന്റർഫേസ് വഴിയാണ് കരാറുകാർക്ക് നല്കിയത്. 18 പ്രവൃത്തികളാണ് ഇപ്രകാരം 2021-2022 വർഷം ചെയ്തിട്ടുള്ളത്. അതേസമയം ഈ പ്രവൃത്തികളിൽ ധനകാര്യക്കമ്മീഷൻ ഗ്രാന്റ് നിക്ഷേപിക്കുന്നതിനായി തുടങ്ങിയ യൂണിയൻ ബാങ്ക് അത്താണിശാഖയിൽ നിന്ന് (A/c No.338202010029611) കരാറുകാർക്കുള്ള വിഹിതം മാത്രമാണ് നല്കിയിരുന്നത്. ബില്ലുകളിൽ നിന്നുള്ള നിയമാനുസൃത റിക്കവറീസ് ടി ബാങ്ക് അക്കൗണ്ടിൽ തന്നെയാണ് നിക്ഷേപിക്കപ്പെട്ടിരിക്കുന്നത്.

ഈ സാഹചര്യത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എൽ.എസ്.ജി.ഡി. സബ്ഡിവിഷൻ പാറക്കടവ് നല്കിയ കത്ത് പ്രകാരം താഴെപ്പറയും പ്രകാരം റിക്കവറീസ് അടയ്ക്കാൻ പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു.

| | |
|---|---|
| ജി.എസ്.ടി. (TDS) | 1,17,878/- |
| ഐ.ടി. (TDS) | 58,939/- |
| KCWWF | 58,939/- |
| Retension | 18,220/- |
| Cost Of Empty Barrel | 2,820/- |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി ( നം. 16/21-22 തീയതി 16-03-2023) -ക്ക് ബ്ലോക്ക് പഞ്ചായത്ത് മറുപടി സമർപ്പിട്ടില്ല.

ആയതിനാൽ മേൽപ്പറഞ്ഞ പ്രകാരമുള്ള തുകകൾ അതാത് ഹെഡ് ഓഫ് അക്കൗണ്ടിൽ അടച്ച് വിശദാംശങ്ങൾ സഹിതം ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

1-16 പദ്ധതി ഫണ്ട് വിനിയോഗിച്ച് സൃഷ്ടിച്ച ആസ്തികൾ ഉപയോഗിക്കപ്പെടുന്നില്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ ഫർണീഷിംഗ്, A.C, വാട്ടർ പ്യൂരിഫയർ, CCTV സ്ഥാപിക്കൽ, തുടങ്ങിയവയ്ക്കായി താഴെ പറയുന്ന പദ്ധതികൾ പ്രകാരം ആകെ 1599286/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിക്കാതെയും ആവശ്യകത വിലയിരുത്താതെയുമാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിഫണ്ട് ചെലവഴിച്ച് വാങ്ങിയ പല ഉപകരണങ്ങളും ഉപയോഗിക്കപ്പെടാതെ നിഷ്ക്രിയമായി മാറിയതായി സ്ഥലപരിശോധനയിൽ കണ്ടെത്തി. വിശദവിവരം താഴെ ചേർക്കുന്നു

1. കോൺഫറൻസ് ഹാൾ ശീതീകരണം (119/22)

അടങ്കൽ - 117025 (382975 )

- 382975 (MG-NR)

ചെലവ് - 117025 (Plan) - BRN -21110963018301438917 /24.3.22

- 223368 (M.G) - BRN -21110963018301451410 / 25.3.22

ആകെ. 340393/-

കോൺഫറൻസ് ഹാൾ ശീതീകരണം പദ്ധതി പ്രകാരം കോൺഫറൻസ് ഹാളിൽ A C സ്ഥാപിക്കുന്നതിനായി ആകെ 499998 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 340393 രൂപ 2021-22 വർഷത്തിലും ബാലൻസ് തുക 7/22 ലുമാണ് നൽകിയത്. Blue Star 2 Ton Tower AC 4 എണ്ണം വാങ്ങി ഇൻസ്റ്റാൾ ചെയ്തതിനാണ് തുക നൽകിയത്. ടെണ്ടർ / ക്വട്ടേഷൻ നടപടി സ്വീകരിക്കാതെ നേരിട്ട് KSIE എന്ന സ്ഥാപനം മുഖേനയാണ് A C സ്ഥാപിച്ചത്. AC പർച്ചേസിന് KSIE യെ അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ അംഗീകരിച്ചിട്ടില്ല. പ്രസ്തുത സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് പർച്ചേസ് നടത്തിയത് ക്രമപ്രകാരമല്ല . കൂടാതെ മാർക്കറ്റ് നിരക്കുമായി താരതമ്യം ചെയ്യാതെ KSIE ആവശ്യപ്പെട്ട തുക നൽകുകയാണ് ചെയ്തിട്ടുള്ളത്.

കെ.എസ്.ഐ.ഇ 11.3.22 ന് നൽകിയ എസ്റ്റിമേറ്റ് താഴെ പറയും പ്രകാരമാണ്.

Blue Star 2 Ton 1 Star Non Invertor Tolectrical Points Wer AC - 4 Unit - 353125

Electrical Points For A C 2.5 Core , 3 Core Cabling With MCB -40676

Tax – 98875 + 7328

ഭരണസമിതി അംഗീകാരം ഇല്ലാതെ 14.3.22 ന് സപ്ലൈ ഓർഡർ നൽകുകയും 15.3.22 ന് കരാർ വയ്ക്കുകയും ചെയ്തു. സ്ഥാപനം 21.3.22 ന് നൽകിയ ടാക്സ് ഇൻവോയ്സ് പ്രകാരം 24.3.22 ന് തന്നെ തുക നൽകുകയും ചെയ്തു. തുടർന്ന് 8.4.22 ലെ ഭരണസമിതി കെ.എസ്. ഐ.ഇ യിൽ നിന്നും വാങ്ങിയതിന് സാധൂകരണം നൽകുകയാണ് ചെയ്തത്. നടപടിക്രമങ്ങളൊന്നും പാലിക്കാതെ അടിയന്തിരമായി പർച്ചേസ് നടത്തി തുക നൽകിയതിന് കാരണങ്ങളൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

സ്ഥലപരിശോധനയിൽ പ്രസ്തുത AC കൾ വയറിംഗിലെ പ്രശ്നങ്ങൾ കാരണം ഉപയോഗിക്കാനാവാത്തതായി കാണപ്പെട്ടു. ആവശ്യമായ അടിസ്ഥാനസാകര്യങ്ങൾ നിലവിലുണ്ടോ എന്ന് പരിശോധിക്കാതെ ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നത് പദ്ധതി ലക്ഷ്യങ്ങൾ നേടാൻ വിഘാതമാകുകയും അപകടസാധ്യതകൾക്ക് വഴിയൊരുക്കുകയും ചെയ്യുന്നു.



അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് – (10/15.3.23 ) മറുപടി ലഭിച്ചില്ല.

ആവശ്യകതയും പ്രായോഗികതയും പരിഗണിച്ച് പദ്ധതിലക്ഷ്യം കൈവരിക്കാൻ ഉതകുന്ന ഇനങ്ങൾ മാത്രം വാങ്ങുവാനും പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ച് അംഗീകാരമുള്ള സ്ഥാപനങ്ങൾ മുഖേന മാത്രം പർച്ചേസ് നടത്താനും ശ്രദ്ധിക്കേണ്ടതാണ്.

2. കോൺഫറൻസ് ഹാൾ നവീകരണം( 118/22 )

അടങ്കൽ – 269708(Plan)

ചെലവ് ; – BRN – 211109630183014463O3/24.3.22 – 267772

– 211109630183014978I7/ 27.3.22 – 1936

ആകെ 269708

പദ്ധതി പ്രകാരം കോൺഫറൻസ് ഹാളിനായി താഴെ പറയുന്ന ഇനങ്ങൾ സപ്ലൈ ചെയ്തതിന് KSIE എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്

കാർപ്പറ്റ് – 80000

കർട്ടൻ – 13300

L Shape ടേബിൾ – 41375

ഓഡിയോടാക് പോഡിയം-മൈക്ക് , 100 MV Line,

2 Mic With Amplifier, 3 Pin Socket Cabling – 49500

ഷെൽഫ് – 42750

ടേബിൾ മാറ്റ് – 1936

ടെണ്ടർ / ക്വട്ടേഷൻ നടപടി സ്വീകരിക്കാതെ നേരിട്ട് KSIE എന്ന സ്ഥാപനം മുഖേനയാണ് ഇവ വാങ്ങി.ത് . മേൽ പറഞ്ഞ ഇനങ്ങളുടെ പർച്ചേസിന് KSIE യെ അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ അംഗീകരിച്ചിട്ടില്ല. പ്രസ്തുത സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് പർച്ചേസ് നടത്തിയത് ക്രമപ്രകാരമല്ല .

3)ബ്ലോക്ക് സ്റ്റാന്റിംഗ് കമ്മിറ്റി ഓഫീസ് നവീകരണം (74/22)

അടങ്കൽ – 508800 (CFC)

ചെലവ് ; – 508800

വൌച്ചർ – XVFC *P*3 /15.11.21 – 440698

XVFC/p/26/17.3.22 – 68102

പദ്ധതി പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റി റൂമിൽ കാബിൻ, അലുമിനിയം Partition, ടേബിൾ, ചെയർ എന്നിവ വാങ്ങൽ എന്നിവ ഉൾപ്പെടുന്ന ഫർണിഷിംഗ് പ്രവർത്തികളും സെക്രട്ടറിയുടെ റൂമിലേക്ക് 1.5 Tonne A.C. യും വൈസ് പ്രസിഡന്റിന്റെ റൂമിലേക്ക് 1 Tonne വീതമുള്ള രണ്ട് A.C യും വാങ്ങിയിട്ടുണ്ട്. സിഡ്കോ

മുഖേനയാണ് പർച്ചേസ് നടത്തിയത്. സ്വയം നിർമിക്കുന്ന ഇനങ്ങൾ ഉപയോഗിച്ചുള്ള ഫർണിഷിംഗിനുള്ള നോഡൽ ഏജൻസിസാണ് സിഡ്കോ എങ്കിലും A.C സ്ഥാപിക്കൽ ഇതിൽ ഉൾപ്പെടുന്നില്ല. A.C വിതരണത്തിനുള്ള അക്രഡിറ്റഡ് ഏജൻസിയായി സിഡ്കോയെ സർക്കാർ അംഗീകരിച്ചിട്ടില്ല. അതിനാൽ ടെണ്ടർ/ക്വട്ടേഷൻ നടപടി സ്വീകരിക്കാതെ നേരിട്ട് സിഡ്കോ എന്ന സ്ഥാപനത്തിൽ നിന്നും പർച്ചേസ് നടത്തിയത് ക്രമപ്രകാരമല്ല.

സെക്രട്ടറിയുടെ റൂമിൽ A.C സ്ഥാപിക്കുന്നതിന് മുൻപ് ആവശ്യമായ ക്രമീകരണങ്ങൾ - മുറി Airtight ആക്കുക തുടങ്ങിയവ - നടത്തിയതായി കാണുന്നില്ല. നിലവിൽ മരം കൊണ്ടുള്ള വാതിലുകളും ഹാഫ് ഡോറുകളും ജനലുകളുമാണ് ഉള്ളത്. ആയവ അടച്ചുവയ്ക്കുന്നത് പ്രായോഗികവുമല്ല. അതിനാൽ തന്നെ A.C ഉപയോഗിക്കുന്നതിൽ പരിമിതികളുമുണ്ട്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് - (10/16.3.23 ) മറുപടി ലഭിച്ചില്ല.

ആവശ്യകത പരിഗണിച്ചും അവശ്യമായ ഭൗതികസാഹചര്യങ്ങൾ ഉറപ്പുവരുത്തിയും പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ച് അംഗീകാരമുള്ള സ്ഥാപനങ്ങൾ മുഖേന മാത്രം പർച്ചേസ് നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് വാട്ടർ പ്യൂരിഫയറുകൾ വാങ്ങൽ (123/22)

പ്രോജക്ട് നം.123/22

അടങ്കൽ - 72875 (CFC)

ചെലവ് ; - 71970

Bill - 355/24.3.22- 71970

പദ്ധതി പ്രകാരം 3 RO Water Purifier 10 Litre – CRYSTAL - ( 1 Year Warranty)വാങ്ങിയിട്ടുണ്ട്. KSIE എന്ന സ്ഥാപനം മുഖേനയാണ് പർച്ചേസ് നടത്തിയത്. ക്വട്ടേഷൻ ക്ഷണിക്കാതെ KSIE യിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല. കോൺഫറൻസ് ഹാളിൽ സ്ഥാപിച്ചിട്ടുള്ള പ്യൂരിഫയർ ഉപയോഗക്ഷമമല്ലാത്തതായാണ് പരിശോധനയിൽ കണ്ടത്. മറ്റ് രണ്ട് പ്യൂരിഫയറുകളും ബ്ലോക്ക് ഓഫീസിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഉപയോഗിക്കപ്പെടുന്നില്ല. നിലവിലും ബ്ലോക്ക് ഓഫീസിലെ ആവശ്യങ്ങൾക്കായി Canned Water വാങ്ങുകയാണ് ചെയ്യുന്നത്.



അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് - (11/16.3.23 ) മറുപടി ലഭിച്ചില്ല.

പർച്ചേസ് നടത്തുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുവാനും വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനും കൃത്യമായ മെയിന്റനൻസ് നടത്തുന്നതിനുമുള്ള നടപടികൾ സ്വീ കരിക്കേണ്ടതാണ്.

5. പ്രൊജക്ട് -ഇ ഗവേണൻസ്

പ്രോജക്ട് നം.106/22

അടങ്കൽ - 300000(CFC) & 150000( തനത് ഫണ്ട്)

ചെലവ് ; - 300000 & 108415 = 408415

പദ്ധതി പ്രകാരം കമ്പ്യൂട്ടർ, പ്രിന്റർ, CCTV വാങ്ങൽ , നെറ്റ് വർക്കിംഗ് എന്നീ പ്രവൃത്തികൾ നിർവഹിച്ചിട്ടുണ്ട്. ലഭ്യമായ ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത Sanskey Technologies എന്ന് സ്ഥാപനത്തിനാണ് സി.സി.ടി.വി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ കരാർ നൽകിയത്. 9 സി.സി ടി.വി സ്ഥാപിച്ചതിന് സ്ഥാപനത്തിന് 75791 രൂപ നൽകിയിട്ടുണ്ട് ( LGTSB അക്കൗണ്ടിൽ നിന്നും 31.3.22 ന് നൽകി. ഉത്തരവ് നം -2884/30.3.22 ) . 6 Bullet Camera & 3 Dome Camera , DVR, 4 TB Hard Disc , 20 Inch Monitor എന്നിവയുടെ ബില്ലാണ് സ്ഥാപനം സമർപ്പിച്ചിട്ടുള്ളത്. CCTV സംവിധാനം നിലവിൽ പ്രവർത്തനക്ഷമമാണെങ്കിൽ ആയതിന്റെ രേഖ- Test Report - ഹാജരാക്കുവാനും CCTV സ്ഥാപിച്ചതിന്റെ Objective/purpose എന്തായിരുന്നു എന്നും മോണിറ്റർ / Review ചെയ്യുന്നതിന് ആരെയാണ് രേഖാമൂലം ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നും അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

-(11/16.3.23 ) മറുപടി ലഭിച്ചില്ല.

ആവശ്യകത പരിഗണിച്ച് മാത്രം പദ്ധതികൾ നടപ്പിലാക്കുവാനും വാങ്ങുന്ന ഉപകരണങ്ങൾ പദ്ധതിയുടെ ലക്ഷ്യത്തിനനുസൃതമായി ഉപയോഗിക്കപ്പെടുന്നു എന്നും നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. അപാകതകൾ പരിഹരിച്ച് ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കി ഓഡിറ്റിനെ അറിയിക്കുന്നത് വരെ ചെലവ് തുകയായ 1599286/-രൂപ (340393+269708+508800+71970+408415)തടസ്സപ്പെടുത്തുന്നു.

പദ്ധതി ഫണ്ട് ചെലവഴിച്ച് നിഷ്ക്രിയ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവണത ഒഴിവാക്കി പഞ്ചായത്തിന്റെ വികസനത്തിനുതകുന്ന പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 സ്കൂളുകളിലേക്ക് വെൻഡിംഗ് മെഷീൻ - വാങ്ങലിൽ നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രൊജക്ട് - സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ - 105/21

നിർവഹണം - സെക്രട്ടറി

അടങ്കൽ - 600000 (CFC)

ചെലവ് -
ബിൽ നം തീയതി-തുക

214/15.01.022 – 365208

215/15.01.22 – 182604

363/24.03.22 – 48359
ആകെ – 596171/-

പദ്ധതി പ്രകാരം സ്കൂളുകളിൽ നാപ്കിൻ വെന്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി മൂന്ന് ഏജൻസികളിൽ നിന്നുള്ള ക്വട്ടേഷൻ/വില വിവരം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

| | സിഡ്കോ | KSIE | വനിത വികസന കോർപ്പറേഷൻ |
|---|---|---|---|
| Incinerator | 25000 | 28079 | 25168 |
| Vending Machine | 16585 | 24789 | 13664 (അലമാര) |
| Napkin | @ 10 | @ 10 | 16.71 |

15.11.21 തീയതിയിലെ 2(4) നമ്പർ തീരുമാനപ്രകാരം KSIE എന്ന സ്ഥാപനത്തിന്റെ പ്രോഫോർമ അംഗീകരിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 16.12.21 ന് KSIE യും പഞ്ചായത്തും തമ്മിൽ കരാർ ചമച്ചിട്ടുണ്ട്.

KSIE എന്ന സ്ഥാപനത്തിന് വെൻഡിംഗ് മെഷീനുകളും ഇൻസിനറേറ്ററും സ്ഥാപിക്കുന്നതിനുള്ള അക്രഡിറ്റേഷൻ ലഭിച്ചിട്ടില്ല. പ്രസ്തുത സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് പർച്ചേസ് നടത്തിയത് ക്രമപ്രകാരമല്ല (FANTASIA എന്ന ബ്രാന്റ് ആണ് KSIE സപ്ലൈ ചെയ്തിട്ടുള്ളത് )

താരതമ്യേന ഉയർന്ന നിരക്കുള്ള KSIE യിൽ നിന്നും വാങ്ങിയതിന് പ്രത്യേക കാരണങ്ങളൊന്നും രേഖപ്പെടുത്തിയിട്ടുമില്ല

പദ്ധതി മാർഗരേഖ (G.O(MS) 11/18/lsgd) പ്രകാരം വനിത വികസന കോർപ്പറേഷന്റെ മാർഗരേഖ അടിസ്ഥാനമാക്കിയാണ് യൂണിറ്റുകൾ സ്ഥാപിക്കേണ്ടത്. വനിത വികസന കോർപ്പറേഷന്റെ മാർഗരേഖയിൽ വെൻഡിംഗ് മെഷീൻ പ്രോത്സാഹിപ്പിക്കുന്നില്ല എന്നും ഏതെങ്കിലും കമ്പനിയുടെ മെഷീൻ സ്ഥാപിച്ചാൽ അതിന് ചേരുന്ന നാപ്കിനുകൾ മാത്രമേ ഉപയോഗിക്കാൻ കഴിയൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ടോക്കൺ നൽകുന്നതുൾപ്പെടെ മറ്റ് അനുബന്ധ സൌകര്യങ്ങളും ആവശ്യമായിവരും എന്നതിനാൽ അതിന് പകരം അലമാരയാണ് കോർപ്പറേഷൻ ശുപാർശ ചെയ്യുന്നത്. പ്രസ്തുത മാർഗരേഖ നിർദേശം നിർവഹണ ഉദ്യോഗസ്ഥൻ കണക്കിലെടുത്തതായി കാണുന്നില്ല

പദ്ധതി പ്രകാരം 9 സ്കൂളുകളിൽ യൂണിറ്റുകൾ സ്ഥാപിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്കൂളുകളിൽ നിന്നും ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ഇവയുടെ തുടർ പ്രവർത്തനം

മോണിറ്റർ ചെയ്തതിന്റെ രേഖകളില്ല. മെയിന്റനൻസും വാറന്റി കാലയളവിൽ ആവശ്യമായ സേവനങ്ങളും ലഭ്യമായിട്ടുണ്ടോ എന്നും വ്യക്തമല്ല

മേൽ പറഞ്ഞ 9 യൂണിറ്റുകൾ കൂടാതെ ഒരു ഡയപ്പർ ഡിസ്ട്രോയറിന് 48359 നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച ഭരണസമിതി / പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനങ്ങളൊന്നുമെടുത്തതായി കാണുന്നുമില്ല.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലാണ് ഡയപ്പർ യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളത്. സ്കൂളുകളിൽ സ്ഥാപിച്ച ഇൻസിനറേറ്ററിനേക്കാൾ (28079) ഉയർന്ന വിലയുള്ള (48359) ഡയപ്പർ ഡിസ്ട്രോയറിന്റെ ആവശ്യകത എന്തായിരുന്നു എന്നും വ്യക്തമല്ല. മാത്രവുമല്ല ഭൗതികപരിശോധനയിൽ ഇത് ഉപയോഗിക്കപ്പെടുന്നില്ല എന്നും വാങ്ങിയ ഉപകരണം നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നതായും കണ്ടെത്തി. വിവിധ പദ്ധതികൾ മുഖേന വാങ്ങുന്ന ഉപകരണങ്ങൾ ഉപയോഗിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടത് ആസ്തികളുടെ കസ്റ്റോഡിയനായ സെക്രട്ടറിയുടെ ചുമതലയാണ്.



അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(7/15.3.23 ) മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുകയായ 596171/-രൂപ തടസ്സപ്പെടുത്തുന്നു

ആവശ്യകതയും പ്രായോഗികതയും പരിഗണിച്ച് പദ്ധതിലക്ഷ്യം കൈവരിക്കാൻ ഉതകുന്ന ഇനങ്ങൾ മാത്രം വാങ്ങുവാനും പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ച് അംഗീകാരമുള്ള സ്ഥാപനങ്ങൾ മുഖേന മാത്രം പർച്ചേസ് നടത്താനും ശ്രദ്ധിക്കേണ്ടതാണ്. സ്കൂളുകളിൽ സ്ഥാപിച്ച മെഷീനുകൾ കൃത്യമായി മെയിന്റനൻസ് നടത്തി ഉപയോഗിക്കുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യേണ്ടതുമാണ്.

1-18 പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല

1)സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവ് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. സുലേഖ ചെലവ് പത്രിക,ACR എന്നിവ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം | പേര് | അടങ്കൽ | ബിൽ | ചെലവ് |
|---|---|---|---|---|
| 7/22 | lkm വരിസംഖ്യ | 43506 | 53/3.9.21 | 43506 |
| 71/22 | എരുമക്കാരി പറമ്പ് പുതിയ കോളനി റോഡ് കുടിവെള്ള പൈപ്പ്ലൈൻ | 400000 (CFC) | 284/2.3.22 | 400000 |
| 111/22 | ഞെരിഞ്ഞലമറ്റം റോഡ് കുടിവെള്ള പൈപ്പ്ലൈൻ | 291000 | 298/9.3.22 | 291000 |
| | | | | 734506 |

2) ലൈഫ് സംയുക്ത പദ്ധതികളുടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിനായി രണ്ട് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി ഫയലിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾക്കാണ് തുക നൽകിയത് എന്നത് വ്യക്തമാക്കുന്ന ബില്ലുകളോ പ്രൊസീഡിംഗ്സോ വിനിയോഗസാക്ഷ്യപത്രങ്ങളോ സൂക്ഷിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതി | അടങ്കൽ | ചെലവ് | ബിൽ | അപാകതകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 6/21-22 ലൈഫ് പദ്ധതി (എസ്.സി.പി) | 3158398 Plan(scp) | 3158000 | 83/23.10.21-300000<br>95/30.10.21-280000<br>96/30.10.21-180000<br>98/30.10.21-180000<br>122/23.11.21-320000<br>123/23.11.21-140000<br>164/18.12.21-750000<br>175/29.12.21-420000<br>192/15.1.22-100000<br>199/20.1.22-288000<br>39/5.8.21- 200000 | എന്നതിന്റെ രേഖകൾ ഹാജരാക്കിയില്ല. പദ്ധതി പ്രകാരം ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾക്കാണ് തുക നൽകിയത്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 5/22 ലൈഫ് (ജനറൽ) | 3300000 (Plan-GI) | 3300000 | 38/5.8,21 -200000<br>84/23.10.21- 500000<br>97/30.10.21-140000<br>113/12.11.21-200000<br>165/18.12.21-200000<br>230/7.2.22-400000<br>282/26.2.22-1660000 | ഇതിൽ 1660000 രൂപ രണ്ട് പഞ്ചായത്തുകൾക്ക് കൈമാറിയതിന്റെ രേഖകൾ മാത്രമാണ് ഫയലിൽ ഉള്ളത്. ബാലൻസ് തുക ഏതെല്ലാം ഗ്രാമപഞ്ചായത്ത കൾക്കാണ് നൽകിയത് എന്നതിന്റെ രേഖകൾ ഹാജരാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല |
| | | 6458000 | | |

രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 7192506 (6458000+734506) രൂപ തടസ്സപ്പെടുത്തുന്നു.

1-19 പി.എം.എ.വൈ പദ്ധതി - ചെലവ് രേഖകൾ ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന ഭവനപദ്ധതികളുടെ ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

1. പദ്ധതി - PMAY അധികവിഹിതം - (110/22)

അടങ്കൽ - 802384 (CFC)

തനത് ഫണ്ട് -212400

ബിൽ നം, തീയതി, തുക

ചെലവ് - 347/ 24.03.22 – 44040

തുക കൈപ്പറ്റിയത് - ശ്രീ.വാസു.പി.കെ (ഗുണഭോക്താവ്)

രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 44040 തടസ്സപ്പെടുത്തുന്നു.

2. പദ്ധതി - Life -PMAY അധികധനസഹായം - (92/22)

അടങ്കൽ - 172379 (CFC)

കേന്ദ്രാവിഷ്കൃതം - 240000

ഗ്രാമപഞ്ചായത്ത് - 140000

ചെലവ് - 172379

പദ്ധതി പ്രകാരം താഴെ പറയുന്നവർക്ക് തുക നൽകി.

| BRNനമ്പറും തിയതിയും | തുക | കൈപ്പറ്റിയ ഗുണഭോക്താക്കൾ/തുക |
|---|---|---|
| 21110963018300238909/ 27.7.21 | 172379 | ഗിരിജ-99732/-രൂപ<br>സുബ്രഹ്മണ്യൻ-72647/-രൂപ |

രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 172379/-രൂപ തടസ്സപ്പെടുത്തുന്നു.

3. പദ്ധതി - Life -PMAY General - (101/22)

അടങ്കൽ - 6237600

ചെലവ് - 1228899

| BRNനമ്പറും തീയതിയും | തുക | ഗുണഭോക്താക്കളുടെ പേരും കൈപ്പറ്റിയ |
|---|---|---|

| | | |
|---|---|---|
| | | തുകയും |
| 10963018301186177/23.2.22 | 448000 | 1)Mary -<br>2)Jyothish<br>3)Anitha<br>4)jeemol - 112000 രൂപ വീതം |
| 2111096301438899/24.3.22 | 224000 | 1)Mary Thomas<br>2)jayanthi -112000 രൂപ വീതം |
| 21110963018301446311/24.3.22 | 239299 | 1)Thankamani - 15299<br>2)manoj - 112000<br>3)sukumaran - 112000 |
| 21110963018301281521/9.3.22 | 317600 | 1)Mini - 112000<br>2)prajeed - 112000<br>3)thankamani -93600 |
| | 1228899 | |

രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 1228899 തടസ്സപ്പെടുത്തുന്നു.

4. PMAY (SC) - 102/22

അടങ്കൽ - 8103660

ചെലവ് - 648000

| BRN നമ്പരും തിയതിയും | തുക | ഗുണഭോക്താവിന്റെ പേരും കൈപ്പറ്റിയ തുകയും |
|---|---|---|
| 2111096301281528/9.3.22 | 144000 | 1)Bindu - 72000<br>2)sareesh -72000 |
| 2111096301497826/27.3.22 | 504000 | 1)Bindu -<br>2)kanakamma<br>3)sheeja<br>4)viju M.k<br>5)chinju<br>6)karthu<br>7)Anitha<br>8)Rajan- 63000 വീതം |
| | 648000 | |

രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 648000 തടസ്സപ്പെടുത്തുന്നു.

മേൽപറഞ്ഞ 4 പദ്ധതികളിലായി ഭവനനിർമ്മാണത്തിനായി വിവിധ ഗഡുക്കളായി നൽകിയ ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ അപേക്ഷയും അർഹതാരേഖയും ഉൾക്കൊള്ളുന്ന ഫയലുകൾ, രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് -(14/16.3.23 ) മറുപടി ലഭിച്ചില്ല

ചെലവ് രേഖകൾ ഹാജരാക്കുന്നതുവരെ ആകെ 2093318 രൂപ (648000 + 1228899 +172379 + 44040 )- തടസ്സപ്പെടുത്തുന്നു.

## 1-20 പാലിയേറ്റീവ് കെയർ പദ്ധതി -വിനിയോഗവിവരം ലഭ്യമാക്കണം

പ്രൊജക്ട് - പാലിയേറ്റീവ് കെയർ (113/22)

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ -500000 (Plan - GI)

ചെലവ്- 500000

BRN – 2110963018301037282/31.1.22

പദ്ധതി പ്രകാരം താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പാലിയേറ്റീവ് പദ്ധതികൾക്കുള്ള വിഹിതം നൽകിയിട്ടുണ്ട്.

ശ്രീമൂലനഗരം - 100000

ചെങ്ങമനാട് -200000

പാറക്കടവ് - 100000

കുന്നുകര – 100000

വിഹിതമായി നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ഗ്രാമപഞ്ചായത്തുകളിൽ നിന്ന് വാങ്ങി സൂക്ഷിച്ചിട്ടില്ല. വിനിയോഗവിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് (17/17.3.23) മറുപടി ലഭ്യമായിട്ടില്ല. വിനിയോഗവിവരം ലഭ്യമാക്കി പദ്ധതിക്കായി ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ വിഹിതം ക്രമീകരിക്കേണ്ടതാണ്. അതുവരെ ചെലവ് തുകയായ 500000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 സാക്ഷരതാപ്രേരകിന്റെ ഹോണറേറിയം - മുൻകൂർ ക്രമീകരിക്കണം

ബ്ലോക്ക് പഞ്ചായത്തിലെ 2 സാക്ഷരതാ പ്രേരകമാരുടെ (ഷീല പൗലോസ് & ഷൈനി) ഓണറേറിയം നൽകുന്നതിനായി തനത്ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| PRN നം | തുക | റിമാർക്സ് |
|---|---|---|
| 2021221109B00000089/3.4.21 | 31392 | Dec 2020 & 2021 January മാസത്തെ ഹോണറേറിയം |
| 2021221109B00021493/29.4.21 | 19872 | 2021ഫെബ്രുവരി മാസത്തെ ഹോണറേറിയം |

G.O(Rt) 626/21/LSGD/26.2.21 പ്രകാരം ഓണറേറിയം തനത് ഫണ്ടിൽ നിന്നും താൽക്കാലികമായി നൽകിയശേഷം സാക്ഷരതാമിഷനിൽ നിന്നും ചെലവ് തുക തിരികെ വാങ്ങേണ്ടതാണ്. ഇപ്രകാരം തുക തിരികെ ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17/17.3.23) മറുപടി ലഭ്യമായിട്ടില്ല ഹോണറേറിയം ഇനത്തിൽ നൽകിയ തുക സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 പഠനമുറി നിർമ്മാണം - അപാകതകൾ

പദ്ധതി – പഠനമുറി നിർമ്മാണം
പ്രോജക്റ്റ് നം. 29/22 –

നിർവ്വഹണ ഉദ്യോഗസ്ഥൻ : പട്ടികജാതി വികസന ഓഫീസർ

അടങ്കൽ തുക :4050000 (വികസന ഫണ്ട് എസ്.സി.പി),
--750000 (Plan -GI)
--150000(തനത് ഫണ്ട് ),

ചെലവ് തുക : 3525000
എസ്.സി.പി ചെലവ്.

| ബിൽ നം/ തീയതി | തുക |
|---|---|
| 151/10.12.21 | 150000 |
| 152/10.12.21 | 150000 |
| 153/10.12.21 | 50000 |
| 158/16.12.21 | 250000 |

| | |
|---|---|
| 156/16.12.21 | 150000 |
| 160/16.12.21 | 100000 |
| 184/10.01.22 | 50000 |
| 228/07.02.22 | 600000 |
| 234/10.02.22 | 150000 |
| 235/10.02.22 | 50000 |
| 241/15.02.22 | 50000 |
| 278/26.02.22 | 300000 |
| 291/05.03.22 | 50000 |
| 302/09.03.22 | 75000 |
| 335/22.03.22 | 150000 |
| 337/22.03.22 | 75000 |
| 336/22.03.22 | 150000 |
| 305/14.03.22 | 75000 |
| 318/16.03.22 | 75000 |
| ആകെ | 2700000 |

പ്ലാൻ ഫണ്ട് (ജനറൽ) ചെലവ് -7,50,000/-

| ബിൽ നം/തീയതി (ACR പ്രകാരം) | തുക |
|---|---|
| 368/25.03.22 | 225000 |
| 369/25.03.22 | 150000 |
| 370/25.03.22 | 150000 |
| 371/25.03.22 | 75000 |
| 380/26.03.22 | 150000 |
| ആകെ | 750000 |

തനത് ഫണ്ട് ചെലവ് തുക.75000/തീയതി.11.03.22

പ്രോജക്റ്റ് പ്രകാരം എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി 2 ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. നിർമമാണത്തിന് പെർമിറ്റ്/ വിശദമായ വാല്വേഷൻ എന്നിവ ഇല്ലാതെയാണ് പഠനമുറിക്കുള്ള ധനസഹായം നൽകിയിരിക്കുന്നത്.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 7 ,11 എന്നിവ പ്രകാരം ഒരു കെട്ടിടത്തിന്റെ പണിയിൽ കൂട്ടിച്ചേർത്തലുകൾ വരുത്താനോ വിപുലീകരിക്കാനോ പഞ്ചായത്തിന്റെ പെർമിറ്റ് വാങ്ങേണ്ടതാണ്. സ.ഉ(കൈ) നം.22/2018/ ത.സ്വ.ഭ.വ തീയതി 14-2-2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.17 പ്രകാരം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് പഠനമുറിക്ക് ധനസഹായം നൽകേണ്ടത്. നിലവിലുള്ള 800ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോടൊപ്പം 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കുന്നതിനാണ് ധനസഹായം അനുവദിക്കാവുന്നത്..

എന്നാൽ ഹാജരാക്കിയ വാല്വേഷൻ സർട്ടിഫിക്കറ്റുകളിൽ (പുത്തൻവേലിക്കര പഞ്ചായത്ത് ഒഴികെ) ആകെ ചെലവ് തുക മാത്രമാണ് ചേർത്തിട്ടുള്ളത്. നിർമ്മാണത്തിന്റെ വിസ്തൃതി എത്രയെന്ന് ചേർത്തിട്ടില്ല.

പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ സമർപ്പിച്ച വാല്വേഷൻ പരിശോധിച്ചതിൽ പലരുടേയും പഠനമുറി 120 ചതുരശ്ര അടിയിൽ അധികരിച്ചിട്ടുണ്ട്.

വിശദവിവരം താഴെ ചേർക്കുന്നു

| ഗുണഭോക്താവ് | വാല്വേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ഏരിയ |
|---|---|
| ബൈജു.വി.ടി | 13.59 M2 |
| അനിൽ എം.കെ | 12.56 M2 |

| | |
|---|---|
| മധു കുഴിക്കാട്ടുതറ | 13.5 M2 |
| ജയ സുനിൽ കുമാർ | 14.08 M2 |

കെട്ടിട നിർമ്മാണ ചട്ടങ്ങളും സബ്സിഡി മാർഗ്ഗരേഖയും പാലിക്കാതെ ധനസഹായം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 12/16.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. അതുവരെ ചെലവ് തുകയായ 3525000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 തോട് - ചിറ- കളം സംരക്ഷണപ്രവൃത്തികൾ- ആവർത്തനച്ചെലവുകൾ ഒഴിവാക്കാവുന്നതാണ്.

ബ്ലോക്ക് പഞ്ചായത്തിൽ 2021-2022 കാലയളവിൽ വിവിധ പ്രൊജക്ടുകളിലായി ചിറ ക്ലീനിംഗ്, തോട് ക്ലീനിംഗ്പ്രവൃത്തികൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്. ഈയിനത്തിൽപ്പെട്ട താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളിൽ എർത്ത് വർക്ക് എക്സ്കവേഷൻ(2.6.1-EWE By Mechanical Means.....) എന്ന ഇനത്തിൽ മണ്ണ് നീക്കം ചെയ്തതിന് തുക നല്കിയിട്ടുള്ളതായി കാണുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര്/അടങ്കൽ | അളവുപുസ്തക നമ്പർ/ പ്രവൃത്തി നമ്പർ/ പേജ് നമ്പർ | Earth Work Excavation അളവ് | Earth Work Excavation നിരക്ക് | Earth Work Excavation നല്കിയ തുക | ചെലവ് വിശദാംശം | | ബിൽ നമ്പർ/ ബിൽതുക/ എഗ്രിമെന്റ് നമ്പർ/ കരാറുകാരന്റെ പേര് |
|---|---|---|---|---|---|---|---|---|
| S 100/22 | തോണ്ടൽ തോട് നവീകരണം 662734/- CFCപുത്തൻ വേലിക്കര ഗ്രാമ പഞ്ചായത്ത് | 542/21-22<br>2<br>2, 8 | 2091.58 M3 | 83/m3 | 173601/- | TWD -<br>+5% GST-<br>-Deductions<br>To Contractor | 374203<br>18710<br>=392913<br>14968<br>= 377946 | 356/24.02.22<br>392914/-<br>Agreement No. 22/AE/LSGD/ PKD 10/12/2021<br>ശ്രീ.ബെഞ്ചമിൻടോമി |
| S 80/22 | പുത്തൻതോട് നവീകരണം പനയക്കടവ് മുതൽ പുത്തൻകടവ് വരെചെങ്ങമനാട് ഗ്രാമപഞ്ചായത്ത്<br>256561 CFC | 430/21-22<br>2<br>2 | 1865.40 M3 | 93/m3 | 173482/- | TWD -<br>+5% GST-<br>-Deductions<br>To Contractor | 229002<br>11450.84<br>=240453<br>9160<br>= 231293 | 306/15-03-2022<br>240453/-<br>Agreement No. 18/AE/LSGD/ PKD 01-12-2021<br>ശ്രീ.അഫ്സാർ ടി.അബ്ദുൾ റഹിമാൻ |
| S78/22 | പീച്ചേലിത്തോട് നവീകരണം<br>വാർഡ് 15,17<br>പാറക്കടവ് ഗ്രാമപഞ്ചായത്ത്<br>198939 CFC | 541/21-22<br>3,4 | 1955.372 M3 | 81/m3 | 158385.13 | TWD -<br>+5% GST-<br>-Deductions<br>ToContractor | 166385.13<br>8319.25<br>=174704.38<br>6656<br>=168048 | 369/21-22 25.03.2022<br>174704/-<br>Agreement No. 21/AE/LSGD/ PKD DTD10/12/2021<br>ശ്രീ.ബെഞ്ചമിൻടോമി |
| S103/22 | മാടവനച്ചിറ നവീകരണം<br>615000 CFC | 431/21-22<br>2,4 | 2877.55 M3 | 79/M3 | 227324 | TWD -<br>+5% GST--deductions<br>ToContractor | 241995<br>12100<br>=254095<br>10164<br>=243931 | 284/21-22 04.03.2022<br>254095/-Agreement No.23/AE/LSGD/ PKD10/12/2021<br>ശ്രീ.ബെഞ്ചമിൻടോമി |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| S81/22 | പാറക്കടവ് ബ്ലോക്ക് പരിധിയിലെ പൊതുകുള ങ്ങളുടെയും, ചിറകളുടെയും നവീകരണം<br>322853 CFC | 328/21-22<br>4. | 1147.417 M3 | 93/M3 | 106709.32 | Ist PartBill<br>TWD -<br>+5% GST -<br>-Deductions<br>RECOVERIES<br>RETENSION<br>To Contractor<br>IInd & Final Bill<br>TWD -+5% GST--<br>deductions<br>ToContractor | 228003<br>11400<br>=239403<br>9120<br>4000<br>=226403/-<br>58466.64<br>2818.33<br>=61284.97<br>2336<br>=58949 | 1) 239403/-<br>378/21-22<br>26/03/2022<br>2) 61285/-<br>48/16.09.2022<br>19/AE/LSGD/ PKD<br>01/12/2021<br>ശ്രീ.അഫ്ഗാർ ടി.അബ്ദുൾ റഹിമാൻ |
| | | | 9937.319 M3 | | | | 13,62,853 | |

മേൽപ്പറഞ്ഞ പ്രകാരം വിവിധ പഞ്ചായത്തുകളിലായി നടപ്പാക്കിയ തോട്-ചിറ ക്ലീനിംഗ് പ്രവൃത്തികളിൽ നീക്കം ചെയ്ത മണ്ണ് തൊട്ടടുത്ത് തന്നെ ഫില്ലിംഗിനായി നിക്ഷേപിച്ചിരിക്കുന്നു എന്നാണ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മേൽപ്പറഞ്ഞ എല്ലാ പ്രവൃത്തികളിലും 1000 M3 ന് മുകളിൽ മണ്ണ് നീക്കം ചെയ്തതായി കാണാം. മുകളിൽ പറഞ്ഞിരിക്കുന്ന പ്രവൃത്തികൾ പ്രകാരം ആകെ 9937.319 M3 മണ്ണ് കോരിയെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. DSR 2018 പ്രകാരം മണ്ണിന്റെ വില എന്നത് 40/m3 (Royalty)ആണ്. അങ്ങനെ കണക്കാക്കിയാൽ 3,97,453/- ( 9937.315 M3 X 40/m3) രൂപയുടെ മണ്ണ് കോരിയെടുത്തിട്ടുണ്ട്. തോടുകളുടെയും. ചിറകളുടെയും സൈഡ് ഫില്ലിംഗിന് ആവശ്യമെങ്കിൽ ഈ മണ്ണ് ഉപയോഗിച്ചതിന് ശേഷം , ബാക്കി വരുന്ന മണ്ണ് ലേലം ചെയ്ത് കൊടുക്കുകയാണെങ്കിൽ പഞ്ചായത്തിന് നല്ലൊരു വരുമാനമാകും. കൂടാതെ മിക്കവാറും എല്ലാ സാമ്പത്തിക വർഷവും ഇപ്രകാരം കുളങ്ങൾ, ചിറകൾ, തോടുകൾ എന്നിവയുടെ ക്ലീനിംഗിന്റെ ഭാഗമായി മണ്ണ് കോരി മാറ്റുന്നതായി കാണുന്നുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ മാത്രം ഈ പ്രവൃത്തികൾക്കുവേണ്ടി 13,62,853/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇങ്ങനെ കോരിമാറ്റുന്ന മണ്ണ് തോടിന്റെയോ, ചിറയുടെയോ സൈഡിൽ തന്നെ നിക്ഷേപിക്കുന്നത് മൂലം ഇതേ മണ്ണ് വർഷകാലത്ത് വീണ്ടും ചിറയിലേക്കോ, തോട്ടിലേക്കോ ഒഴുകിപ്പോകാനും, ആഴം കുറയാനും കാരണമാകാം. അടുത്ത സാമ്പത്തികവർഷവും ഇതേ പ്രവൃത്തി ആവർത്തിക്കുന്നതിനും, തുക ചെലവഴിക്കുന്നതിനും ഇത് ഇടവരുത്തുന്നു. ആയതിനാൽ കോരിമാറ്റുന്ന മണ്ണ് സൈഡ് ഫില്ലിംഗിന് ഉപയോഗിക്കുന്നുവെങ്കിൽ തന്നെ അത് വീണ്ടും തോട്ടിലേക്കോ, ചിറയിലേക്കോ ഇടിഞ്ഞുവീഴാതെ സൈഡ് കെട്ടി സംരക്ഷിക്കുകയോ, കയർ ഭൂവസ്ത്രം ഉപയോഗിച്ച് സൈഡ് ഇടിയാതെ സംരക്ഷിക്കുയോ ചെയ്താൽ വർഷം തോറും മണ്ണ് കോരിമാറ്റുന്ന പ്രവൃത്തി കുറയ്ക്കാനാവുകയും, ഈയിനത്തിലുള്ള ചെലവ് നിയന്ത്രിക്കാനുമാവുകയും ചെയ്യും.

## 1-24 അസറ്റ് മാനേജ്മെന്റ് പ്ലാൻ നടപ്പിലാക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ്മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്.

സർക്കാർ ഉത്തരവ് നം. 50412/ഡിബി2/2011/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ കൃത്യമായി എഴുതി സൂക്ഷിക്കണമെന്നും, ആയതിന്റെ ഇ-കോപ്പി ഐ.കെ.എമ്മിന് നൽകണമെന്നും നിർദ്ദേശിക്കപ്പെട്ടിരുന്നു.തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്.

2016-2017 മുതൽ 2021-2022 വരെയുള്ള 5 വർഷത്തെ പദ്ധതിക്കാലയളവിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ മുഖേന ബ്ലോക്ക് പഞ്ചായത്തിന് ആർജ്ജിതമായ ആസ്തികളുടെ കൃത്യമായ മൂല്യനിർണ്ണയം നടത്തി ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്ററിൽ നിർമ്മാണ ചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ

തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട വിവരങ്ങൾ പൂർണമായും രേഖപ്പെടുത്തി നിലവിലെ വിവരങ്ങൾ ചേർത്ത് കാലികമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-25 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ - മെയിന്റനൻസ് ചെലവുകൾ -നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

2021-2022 സാമ്പത്തികവർഷം ബ്ലോക്ക് പഞ്ചായത്തിൽ വിവിധ ലിഫ്റ്റ് ഇറിഗേഷൻ പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ/ പ്രൊജക്ടിന്റെ പേര് | അടങ്കൽ തുക | കരാറുകാരന് നല്കിയ തുക | ചെലവ് വിശദാംശങ്ങൾ | സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്ത് പ്രദേശം |
|---|---|---|---|---|
| 109/22 കുന്തിലക്കോട് ലിഫ്റ്റ് ഇറിഗേഷൻ -പൂർത്തീകരണം | 325000 | 1,24,999/- KSEB<br>1,71,717/- ശ്രീ.സനിൽകുമാർ എ.ജി. | 1,24,999/- 320/17-03-2022<br>1,71,717/- 172/19-12-22 | നെടുമ്പോശ്ശേരി ഗ്രാമപഞ്ചായത്ത് |
| 108/22 മലായിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ -പൂർത്തീകരണം | 300000 | 1,60,813/- ശ്രീ.സനിൽകുമാർ എ.ജി. | 150000/- 315/15-03-2022<br>10,817/- 319/17-03-2022 | ,, |
| 85/22 പുതുവാശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ- പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 500000 | 446024/- ശ്രീ.സനിൽകുമാർ എ.ജി. | 499547 74/28-12-2021 | ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് |
| 42/22 കോയിക്കക്കടവ് ലിഫ്റ്റ് ഇറിഗേഷൻ നവീകരണവും, പൈപ്പ് ലൈൻ എക്സ്റ്റെൻഷനും | 499770 | 446222/- ശ്രീ.സനിൽകുമാർ എ.ജി. | 1) 336418/- 149/7-12-2021<br>2) 163351/- 193/15-01-2022 | ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് |
| ആകെ ചെലവ് | | | 1456849/- | |

ഈ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ വാർഷികമെയിന്റനൻസും, നടത്തിപ്പിനുമായിട്ട്കാർഷിക സഹകരണസംഘങ്ങളോ, ഉണഭോക്തൃസമിതികളോ രൂപീകരിച്ചിട്ടുണ്ടോ എന്നതിൽ വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 17/16.03.22 ന് പഞ്ചായത്ത് മറുപടി നല്കിയിട്ടില്ല.

സ.ഉ (കൈ.)നം.11/2018/ത.സ്വ.ഭ.വ തീ.29.01.2018 സർക്കാർ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ ഇറിഗേഷൻ പദ്ധതികളുടെ തുടർനടത്തിപ്പും,സംരക്ഷണവും,പരിപാലനവും പാടശേഖരസമിതി/ കർഷകകൂട്ടായ്മ/ഉണഭോക്തൃസമിതി രൂപീകരിച്ച് ഏല്പിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. കാർഷിക പ്രധാനമേഖലകൾ അടങ്ങിയ പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിൽ മുൻവർഷങ്ങളിൽ ഉൾപ്പെടെ സ്ഥാപിക്കപ്പെട്ടിട്ടുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നടത്തിപ്പിനും, അറ്റകുറ്റപ്പണികൾക്കും ഓരോവർഷവും ഗണ്യമായ തുക ചെലവഴിക്കുന്നതായി കാണുന്നുണ്ട്. 2021-22 കാലയളവിൽ ഈയിനത്തിൽ 12,85,132/- രൂപ ചെലവ് വന്നിട്ടുണ്ട്. നിലവിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ എത്ര പദ്ധതികൾക്ക് ഉണഭോക്തൃസമിതികൾ നിലവിലുണ്ടെന്നും, അവയുമായി ഗ്രാമപഞ്ചായത്തോ, ബ്ലോക്ക് പഞ്ചായത്തോ കരാർ ചമച്ച് ആവർത്തനസ്വഭാവമുള്ള അറ്റകുറ്റപ്പണികളും, ഇലക്ട്രിസിറ്റി ചാർജ്ജ് ഉൾപ്പെടെയുള്ള ദൈനംദിനച്ചെലവുകളും നിർവ്വഹിക്കുന്നതിനുതകുംവിധം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നുള്ള വിവരങ്ങളും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-26 ഐ.ടി ഹബ്ബ് -പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-23 ൽ 1270655/-രൂപ ചെലവഴിച്ച് ആരംഭിച്ച

ഐ.ടി ഹബ്ബ് പ്രവർത്തനരഹിതമായതിനാൽ അതിനായി ചെലവഴിച്ച പദ്ധതിഫണ്ട് പാഴ്ചെലവായി മാറിയതായി പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത പരാമർശത്തിൽ ബ്ലോക്ക് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്റെ ഭാഗമായി ഐ.ടി ഹബിൽ ഭൗതികപരിശോധന നടത്തിയപ്പോൾ നിലവിലും കെട്ടിടം പ്രവർത്തനരഹിതമായാണ് കാണപ്പെട്ടത്. കമ്പ്യൂട്ടർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, ഇൻവർട്ടർ തുടങ്ങിയ ഉപകരണങ്ങളെല്ലാം വർഷങ്ങളായി ഉപയോഗിക്കപ്പെടാതെ പ്രസ്തുത മുറിയിൽ സൂക്ഷിച്ചിട്ടുണ്ട്. സംരംഭം പ്രവർത്തനക്ഷമമാക്കുന്നതിനോ മേൽപറഞ്ഞ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളെങ്കിലും ഉപയോഗിക്കുന്നതിനോ ഉള്ള യാതൊരു നടപടിയും ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചുകാണുന്നില്ല. വർഷങ്ങളായി പ്രവർത്തിപ്പിക്കാത്തതിനാൽ അവയുടെ പ്രവർത്തനക്ഷമത നിലവിൽ എത്രത്തോളമുണ്ടെന്നും വ്യക്തമല്ല. മാത്രവുമല്ല 2021-22 വർഷം 106/22 നമ്പർ പ്രൊജക്ടായി ബ്ലോക്ക് പഞ്ചായത്തിന് കമ്പ്യൂട്ടർ വാങ്ങുന്നതിനായി 237643 രൂപ ചെലവഴിച്ചിട്ടുമുണ്ട്. വിവിധ ആവശ്യങ്ങൾക്കായി മുൻവർഷങ്ങളിൽ വാങ്ങിയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉപയോഗിക്കാതെ പാഴാക്കിക്കളയുകയും വീണ്ടും പദ്ധതി ഫണ്ട് വിനിയോഗിച്ച് കമ്പ്യൂട്ടറുകൾ വാങ്ങുകയും ചെയ്യുന്നത് ധനദുരുപയോഗത്തെ സൂചിപ്പിക്കുന്നു.





ഐ.ടി ഹബ്ബ് പ്രവർത്തനം പുനരാരംഭിക്കുകയോ പദ്ധതി ഫണ്ട് വിനിയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതും ഭാവിയിൽ പദ്ധതിഫണ്ട് ബ്ലോക്ക്പഞ്ചായത്തിന്റെ വികസനത്തിന് ആവശ്യമായതും പ്രായോഗികമായതുമായ പദ്ധതികൾക്കായി മാത്രം ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | 2021-22 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2021-22 | 5,04,000 | പി.എം.എ.വൈ | 5,04,000 | 0 |
| | | | | | |

മുൻവർഷങ്ങളിൽ സംയുക്ത പ്രൊജക്റ്റുകൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച തുകയിൽ 56,000/- രൂപ ഇനിയും ചെലവഴിക്കാതെ ബ്ലോക്ക് പഞ്ചായത്തിൽ നീക്കിയിരുപ്പുണ്ട്. ടി തുക ഏത് പ്രൊജക്റ്റിന് വേണ്ടിയാണോ ലഭ്യമായത് അതിന് വേണ്ടി ചെലവഴിക്കുകയോ അല്ലാത്തപക്ഷം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പാറ റോഡ് -- ലിങ്ക് റോഡ്, എരുമക്കാരിപ്പറമ്പ്-പുതിയകോളനി റോഡ് കുടിവെള്ള പൈപ്പ് ലൈൻ | 01/21-22 | 4,00,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 4,00,000 |
| കേരള വാട്ടർ അതോറിറ്റി | ഞെരിഞ്ഞിലിമറ്റം റോഡ് കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 02/21-22 | 2,91,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 2,91,000 |
| കേരള വാട്ടർ അതോറിറ്റി | കറുവപ്പള്ളം റോഡ് കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ വാർഡ് 9 | 03/21-22 | 5,00,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 5,00,000 |
| ആകെ | | | 11,91,000 | | |

വാർഷിക ധനകാര്യപത്രികയിൽ Advance To Implementing Agencies Deposit With KWA എന്ന ഹെഡിൽ ഈ തുക ചേർത്തിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 6,39,76,432 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 6,81,35,650 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 16480457 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 1-12 | 54458 | ഡോ. എലിസബത്ത്. പി.ടി മെഡിക്കൽ ഓഫീസർ. സി.എച്ച്.സി , ചെങ്ങമനാട് | |
| 1-13 | 507327 | " | |
| 1-14 | 8,62,391 | ശ്രീമതി.രാജി.സി.ആർ അസിസ്റ്റന്റ് എൻജിനീയർ ബ്ലോക്ക് പഞ്ചായത്ത് | |
| 1-16 | 1599286 | ശ്രീ.കെ.കെ.ശങ്കരൻകുട്ടി, സെക്രട്ടറി | |
| 1-17 | 596171 | ശ്രീ.കെ.കെ.ശങ്കരൻകുട്ടി, സെക്രട്ടറി | |
| 1-18 | 7192506 | ശ്രീ.കെ.കെ.ശങ്കരൻകുട്ടി, സെക്രട്ടറി | |
| 1-19 | 2093318 | " | |
| 1-20 | 500000 | " | |
| 1-22 | 3525000 | 1700000 | ശ്രീ.ബോബി മാത്യൂസ് എസ്.സി.ഡി.ഒ |
| | | 1825000 | ശ്രീ.സുരേഷ് കുമാർ.യു.കെ എസ്.സി.ഡി.ഒ |
| ആകെ | 16480457 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.എലിസബത്ത് മെഡിക്കൽ ഓഫീസർ | വിരമിച്ചു | ശാലീനം, തലക്കൻമറ്റത്തിൽ, പുത്തൻപുര കോൺവെന്റ് റോഡ് അങ്കമാലി |
| ശ്രീമതി.രാജി. സി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ പാറക്കടവ് ബ്ലോക്ക് | തറക്കണ്ടത്തിൽ ഹൗസ് പാലിയൻതുരുത്ത് വടക്കേക്കര (പി ഒ) നോർത്ത് പറവൂർ |

| | | |
|---|---|---|
| ശ്രീ.ശങ്കരൻകുട്ടി സെക്രട്ടറി | വിരമിച്ചു | വടശ്ശേരി വീട് ചാലക്കുടി (പി ഒ) 680307 |
| ശ്രീ.ബോബി മാത്യൂസ് | എസ്.സി.ഡി.ഒ,റാന്നി ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട | വിളയിൽ വീട്. കീക്കർ റോഡ് റാന്നി.പി.ഒ, പത്തനംതിട്ട |
| ശ്രീ.സുരേഷ് കുമാർ.യു.കെ | എസ്.സി.ഡി.ഒ,പാറക്കടവ് | വേലൻപറമ്പിൽ, ഞാറല്ലൂർ കിഴക്കമ്പലം, 683562 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച റിപ്പോർട്ടിന്റെ/ ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-2000 മുതൽ 2012-2013 വരെ | കെ.എസ്.എ-ഇ.കെ.എം (ബി.പി)1305/19 തീയതി 20.09.2019 |
| 2013-14 & 2014-15 | കെ.എസ്.എ-ഇ.കെ.എം (ബി.പി)1305/19 തീയതി 20.09.2019 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം (ബി.പി)1305/19 തീയതി 20.09.2019 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (ബി.പി)1305/19 തീയതി 20.09.2019 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം.(ബി.പി.2)287/2019 തീയതി 12.07.19 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം.(ബി.പി)1592/2019 തീയതി 16.10.19 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം.(ബി.പി)367/2022 തീയതി 28.6.22 |
| 2020-21 | കെ.എസ്.എ-ഇ.കെ.എം(ബിപി)462/22 തീയതി 28/6/22 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്